# PUTHUPPALLI NILAKKAL PUTTHAN PALLI.

## FIRST ANNUAL REFORT.

# പുതുപ്പള്ളി നിലെക്കൽ പുത്തൻ പള്ളി

൬൭ൻവ മേടം വരെയുള്ള

ഒന്നാം വാൎഷിക വൃത്താന്തം

KOTTAYAM:

PRINTED AT THE "MALAYALA MANORAMA" PRESS.

1892.

# PUTHUPPALLI NILAKKAL PUTTHAN PALLI.

## FIRST ANNUAL REPORT.

---

# പുതുപ്പള്ളി നിലെക്കൽ പുത്തൻ പള്ളി

൲൬൰൭ മേടം വരെയുള്ള

## ഒന്നാം വാൎഷിക വൃത്താന്തം

KOTTAYAM:

PRINTED AT THE "MALAYALA MANORAMA" PRESS.

1892.

## പുതുപ്പള്ളി നിലെക്കൽ പുത്തൻപള്ളി.

വികാരിമാർ.

ചെറിയമഠത്തിൽ യാക്കോബ് കത്തനാർ

ഉലശ്ശേരിൽ യോസേപ്പ് കത്തനാർ

നായക സഭ.

കൈപ്പനാട്ട വറുഗീസു വറുഗീസ്
കല്പറെക്കൽ പോത്തൻ അയിപ്പ്
കളമ്പുകാട്ട ചാക്കൊ ഈപ്പൻ
കിഴക്കെ ഒററപ്ല്യാക്കൽ ഏലിയാസു ചെറിയാൻ
ചെമ്പകനല്ലൂർ തൊമ്മൻ കൊച്ചുതൊമ്മൻ
തേവരടിയിൽ മാണി കോര
തൈപ്പറമ്പിൽ ചെറിയാൻ മാത്തു
പടിഞ്ഞാറെ മുളന്തിപ്പറമ്പിൽ തൊമ്മൻ കുരുവിള
പണ്ടാരക്കുന്നേൽ പുത്തൻപുരയിൽ കുരുവിള കുരുവിള
പ്ല്യാമ്പറമ്പിൽ കുരുവിള ഔസേപ്പ്
മഞ്ഞത്തുരുത്തേൽ മത്തായി പോത്തൻ
മണ്ടപ്പറമ്പിൽ കുര്യൻ അയിപ്പ്
മൂലേപ്പറമ്പിൽ ചാണ്ടി വറുഗീസു
മേമന കുരുവിള തൊമ്മൻ
വാഴെപ്പറമ്പിൽ ചാക്കോ അവിരാ

കാര്യവിചാര സംഘം.

മുതൽ എടുപ്പ്—കളമ്പുകാട്ട ഈപ്പൻ
മുതൽ കെട്ട--കല്പറെക്കൽ അയിപ്പ്
ചിലവു ശേഖരിപ്പ്—പണ്ടാരക്കുന്നേൽ പുത്തൻപുരയിൽ കുരുവിള
ചിലെവഴുത്തു—മൂലേപ്പറമ്പിൽ വറുഗീസു
കാര്യദശി--തൈപ്പറമ്പിൽ മാത്തു

൧൦൮൨ മേടം വരെയുള്ള

## ഒന്നാം വാർഷിക വൃത്താന്തം.

---

പുത്തനായി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഈ പള്ളിയുടെ ഒന്നാമത്തെ വാർഷിക വൃത്താന്തം ആരംഭിക്കുന്നതിന മുമ്പായി തങ്ങളുടെ കൃത്യങ്ങളിൽ നിർവിഘ്നമായി പ്രവർത്തിക്കുന്നതിലേക്കു ഇതിന്റെ ആദ്യാലോചനമുതൽ ഇതേവരെ തങ്ങളെ ശക്തന്മാരാക്കിത്തീർത്തവനും സകലനന്മകൾക്കും ഹേതുഭൂതനുമായ സർവ്വദൈവത്തെക്കുറിച്ച കാര്യവിചാര സംഘക്കാർക്കുള്ള ഭക്തിയെ കൃതജ്ഞതാപൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു

ഈ പള്ളിയുടെ ആരംഭചരിത്രം മുതലായവ ഇതിന്റെ ഒടുവിൽ ചേർത്തിട്ടുള്ള ഉടമ്പടിയിൽ നിന്നു വെളിവാകുന്നതാകയാൽ ആ ഭാഗം ഇവിടെ വിസ്തരിക്കുന്നില്ല.

പള്ളികൾ വെക്കുന്നതിന സർക്കാരനുവാദം വേണമെന്നുള്ളതു വല്ല അനാവശ്യതക്കങ്ങളും പുറപ്പെടുവിക്കുന്നതിന ജനങ്ങൾക്കു സൌകര്യം കൊടുക്കുന്നതിനാണെന്നു തെററായി ധരിച്ചിട്ടോ കേവലം അസൂയകൊണ്ടോ മിക്കപള്ളികളുടെയും ആരംഭകാലത്തുണ്ടാകുന്ന വിഘ്നങ്ങൾ ഇതിനും ഉണ്ടാകാതെയിരുന്നില്ല. എങ്കിലും ഇതു മിക്കവാറും സ്വജനങ്ങളിൽ നിന്നു തന്നെ ആയിരുന്നതു കൊണ്ടു ഒഴിക്കുന്നതിന അധികം ബുദ്ധിമുട്ടുണ്ടായില്ല. ഇവരെ ഇതിലേക്കു ഉദ്യോഗിപ്പിച്ചതു ഒരു പുതിയ പള്ളി കെട്ടി കുറെ ആളുകൾ പിരിഞ്ഞാൽ തങ്ങളുടെ ആദായാഭിമാനങ്ങൾക്കു അത്രെക്കു മാത്രം കുറവുണ്ടായേക്കുമെന്നുള്ള ആശങ്കയല്ലാതെ മറെറാന്നും ആയിരുന്നു എന്നു തോന്നുന്നില്ല. നമ്മുടെ മുൻപിനാലെയുള്ള ഇടവകപ്പള്ളിയാകുന്ന പുതുപ്പള്ളിപ്പള്ളിയിലെ വികാരിയായിരുന്ന വന്ദ്യദിവ്യശ്രീ പൊങ്ങലിൽ പീലിപ്പോസ് കോർ എപ്പിസ്കോപ്പാ അവർകൾ താൻ തന്നെ തടസ്ഥ ഹർജികൾ ബോധിപ്പിച്ചതു കൂടാതെ മററു ചിലരും ഇതിനെ അനുകരിപ്പാൻ സംഗതിയായതിൽ വെച്ചു നായക സഭെക്കു കുറെ മനസ്താപത്തിനും നഷ്ടത്തിനും ബുദ്ധി

മട്ടിനും ഇടയായി എങ്കിലും ദൈവകൃപയാൽ ഇതൊന്നും അഭീഷ്ടസിദ്ധിക്കു ബാധകമായി ഭവിച്ചില്ല എന്നു കൃതാൎത്ഥതാപൂൎവ്വം പ്രസ്താവിച്ചുകൊള്ളുന്നു.

ഗവൎമ്മെന്റനുവാദം കിട്ടിയ ഉടനെ മെത്രാപ്പോലീത്താ തിരുമനസ്സു കൊണ്ടു സ്ഥലത്തു എഴുന്നള്ളി ൧൦൮൫ മേടം ൨൫-ാംനു ബുധനാഴ്ച പ്രതിഷ്ഠാക്രമാദി നടത്തി. അധിക നാൾതാമസം കൂടാതെ വൎഷം ആരംഭിക്കയാൽ പണി തുടങ്ങുന്നതിനു ഇടയായില്ല. വേനൽ തുടങ്ങിയതിനോടു കൂടി വേല ആരംഭിച്ചു. ഒന്നാമതായി ഒരു ചെറിയ ശവക്കോട്ട തീൎത്തതിന്റെ ശേഷമാണു പള്ളിയുടെ കെട്ടിടം തുടങ്ങിയതു. വേലനടന്നിട്ടുള്ള അഞ്ചുമാസക്കാലം കൊണ്ടു ൧൦൮൦ത്തിൽ അധികം കല്ലുപണിയും അതിനടുത്ത മററുപണികളും നടത്തീട്ടുള്ളതായി കാണാവുന്നതാകയാൽ കാൎയ്യവിചാരസംഘക്കാരിൽ വലിയ അജാഗ്രത ഉണ്ടായിരുന്നില്ലെന്നു തന്നെ പറയാം. തറയിൽ നിന്നു നാലരക്കോലിൽ അധികം ഉയൎന്നിട്ടില്ലാത്ത ഈ നിരപ്പിൽ തൽക്കാലം മരക്കൂട്ട കയററി മേയണമെന്നു വെച്ചതു അടിയന്തിരങ്ങൾക്കു മുടക്കം വരാതെയിരിപ്പാനും വൎഷത്തിൽ പണി നടത്തുവാൻ അസൌകൎയ്യമുള്ളതിനാലും മാത്രമാണു.

പള്ളിയുടെ പണിവകെക്കു നായകസഭക്കാരിൽ നിന്നും മററും ഈടായിട്ടുള്ള സംഖ്യകളുടെ വിവരം ഒടുവിൽ ചേൎത്തിട്ടുള്ള പട്ടികകളാൽ കാണാവുന്നതാണു. സഭക്കാരിൽ ചിലർ ഏററിട്ടുള്ള സംഖ്യകൾ മുഴുവനും ഈടായതായി കാണാത്തതു യോഗത്തിന്റെ നിശ്ചയപ്രകാരം തൽക്കാലം പള്ളിക്കു ഒരു ഭണ്ഡാരമില്ലാത്തതിനാൽ പണിനടപ്പിനു തക്കവണ്ണം മാത്രമല്ലാതെ ചുമതലക്കാർ പിരിക്കാഞ്ഞതു കൊണ്ടാണു. നായകസഭയിൽ ചേൎന്നു പണിവകെക്കു ദ്രവ്യസഹായം ചെയ്യാമെന്നു ആദ്യത്തിൽ തന്നെ ഏററിരുന്നവരിൽ ചിലർ ഇതേവരെ പേരു പിടിക്കയും പണമടെക്കയും ചെയ്തിട്ടില്ലെങ്കിലും ഇവർ പിന്മാറിക്കളയുമെന്നു യാതൊരു സംശയത്തിനും ഇടയില്ലാത്തതിനാൽ നായകന്മാൎക്കു ഇച്ഛാഭംഗത്തിനു മററു സംഗതിയില്ല. എങ്കിലും നായകന്മാർ ഏററിട്ടുള്ള സംഖ്യ അടുത്ത ചിങ്ങമാസം ൩൦-ാം



നുക്കകം അടച്ചു തീൎന്നാലും മതിയാകുമെന്നു യോഗത്തിൽ നിശ്ചയിച്ചിട്ടുള്ളതാകയാൽ ഒരംഗം അവധിയും തെററിക്കുന്നവരുടെ നായകസ്ഥാനം ഉടമ്പടിയുടെ ൩ാം വകുപ്പിലെ താൽപൎയ്യപ്രകാരം റദ്ദായിപ്പോകുമെന്നുള്ളതും ഇവിടെ ഓൎമ്മപ്പെടുത്തിക്കൊള്ളുന്നു.

പള്ളിക്കു ഒടുവിൽ ചേൎത്തിട്ടുള്ള പട്ടികകളാലും കണക്കാലും കാണാവുന്ന പ്രകാരം കഴിഞ്ഞ ഒരു കൊല്ലം കൊണ്ടു ൧൦൨൪ രൂപ വരെ മുതൽ വന്നിട്ടുള്ളതിനെക്കുറിച്ചും ഇതിൽ ബാക്കി മിക്കവാറും ഇല്ലെന്നു തന്നെ പറയാൻ തക്കവണ്ണം എല്ലാം എത്രയും പ്രയോജനകരമായ വിധത്തിൽ ചിലവായിരിക്കുന്നതിനെക്കുറിച്ചും സംഘക്കാൎക്കു വളരെ കൃതാൎത്ഥതയുണ്ടു. വരവുചിലവുകളിൽ ൧൦൮൪ കുംഭം ൩൦-ാംനു മുതൽ മേടം ൨൫-ാംനു വരെ ചാപ്പലായി ഉപയോഗപ്പെടുത്തിവന്ന പള്ളിക്കൂടത്തിലും അതിന്റെ ശേഷം പള്ളിയിലും ഉണ്ടായിട്ടുള്ള എല്ലാ ഇനങ്ങളും ഉൾപ്പെടുന്നതുമാകുന്നു.

പള്ളിയിൽ ആണ്ടൊന്നിനു ആൺകുട്ടികളുടെ ൩൦ ം പെൺകുട്ടികളുടെ ൨൦ ം ആകെ ൫൦ ജ്ഞാനസ്നാനമേ നടന്നിട്ടുള്ളു. വിവാഹങ്ങൾ ദേശകുറിപ്രകാരം മററിടവകകളിൽ വെച്ചു നടത്തീട്ടുള്ളവ ഉൾപ്പെടെ ൫൯ എണ്ണം ഉണ്ടു. മരണം ൨ പുരുഷന്മാർ മാത്രം.

പള്ളി പണിക്കു വിശേഷാൽ ദ്രവ്യസഹായം ചെയ്തിട്ടുള്ളവരിൽ ഒരാളായ ചാഴിവലത്തു ഉമ്മൻ കൊച്ചുമാത്തു അവർകൾ ദാനസംഖ്യകൂടാതെ ആവശ്യപ്പെട്ട കാലത്തൊക്കെയും പണിക്കു ആനയെ കൂലികൂടാതെ വിട്ടുതരികയും പണിനടത്തിപ്പിലേക്കു കാൎയ്യവിചാരസംഘക്കാൎക്കു സഹായമായിരിക്കയും ചെയ്തിട്ടുള്ളതും ഹൈക്കോർട്ടുവക്കീൽ പി. കെ. തൊമ്മൻ അവർകൾ രണ്ടു സ്ഫടിക വിളക്കുകളും കൈപ്പനാട്ടു കൊച്ചുമാത്തു അവർകൾ ഒരു ഗ്ലോബു വിളക്കും പള്ളിക്കു വഴിപാടായി വെച്ചിട്ടുള്ളതും പണ്ടാരക്കുന്നേൽ പുത്തൻപുരയിൽ കുരുവിള അവർകൾ പണി നടത്തിപ്പിലേക്കു ചെയ്തിട്ടുള്ള അത്യുത്സാഹങ്ങളും ഇവിടെ കൃതജ്ഞതാപൂൎവ്വം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. യോഗക്കാരിൽ ഒരുവനായ കാലായിൽ മാത്തു ഇട്ടിച്ചെറിയ പള്ളിശുശ്രൂഷ കൂടാ

തെ കാൎയ്യവിചാരസംഘക്കാർ പലപ്രകാരേണ ചെയ്തിട്ടുള്ള സഹായങ്ങളും മറന്നുകൂടാ.

കോട്ടയം സി. എൻ. ഇൻസ്റ്റിറ്റ്യൂഷൻ അദ്ധ്യക്ഷൻ റവറൻഡ് തോംസൻ സായ്പവർകൾ തനിക്കു നിരന്തരമായിട്ടുള്ള ക്രിസ്തീയ സഹോദര സ്നേഹസൂചകമായി പള്ളിക്കു ഏതാനും പുസ്തകങ്ങൾ ദാനം ചെയ്തതു കൂടാതെ പള്ളിയിൽ വന്നു വളരെ പ്രയോജനകരമായ ഒരു പ്രസംഗം നടത്തിയതു, ഉപകാരസ്മരണാപൂൎവം ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

വീണ്ടും യോഗക്കാരിൽ പലരും കൂടി പണി കഴിപ്പിച്ചു ഇംഗ്ലീഷ് വിദ്യാഭ്യാസം നടത്തിവന്നതും പിന്നീടു പള്ളി സ്ഥാപിക്കുന്നതുവരെ ഒരു ചാപ്പലായിട്ടും കൂടി ഉപയോഗപ്പെടുത്തി വന്നതുമായ പള്ളിക്കൂടത്തിൽ പരിഷ്കൃത രീതിയിലും അഭിവൃദ്ധിയായിട്ടും പഠിതം നടത്തുവാൻ സമ്മതിച്ചു ദയവായി ഏറ്റു വാങ്ങിയ നി. വ. ദി. ശ്രീ. ഡോക്ടർ ഹോഡ്ജസ് ബിഷോപ്പവർകൾക്കും ഈ അവസരത്തിൽ വന്ദനം പറഞ്ഞുകൊള്ളുന്നു. ഈ പള്ളിക്കൂടം യോഗക്കാരുടെ അന്വേഷണത്തിൽ ഇരുന്ന കാലത്തു ഒന്നും രണ്ടും വാദ്ധ്യാന്മാരായി ശമ്പളം കൂടാതെ മൂന്നു മാസം വരെ വേല നോക്കിയ കല്യറെക്കൽ പോത്തൻ അവർകളെയും ചെമ്മരപ്പള്ളിൽ യോസേപ്പവർകളെയും കുറിച്ചു യോഗക്കാൎക്കുള്ള കൃതജ്ഞതയും ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

ഈ ഒരു വൽസരക്കാലം ഇത്രയും ഐകമത്യമായും ശ്രദ്ധയായും യോഗക്കാരുടെ ആഗ്രഹത്തിൽ അധികം കുറവു കൂടാതെ പള്ളിയുടെ പണിയും മറ്റു കാൎയ്യങ്ങളും നടത്തുകയും ഈ വാൎഷിക വൃത്താന്തം തയ്യാറാക്കുകയും ചെയ്‌വാൻ കാൎയ്യവിചാര സംഘക്കാരെ കരുണാപുരസ്സരം കാത്തു രക്ഷിച്ച ദൈവം മേലും ഈ സംഘക്കാരെ ഇതിലേക്കു ശക്തിപ്പെടുത്തുവാൻ എല്ലാ ക്രിസ്തീയസഹോദരന്മാരും വിശേഷാൽ യോഗത്തിൽ ഉൾപ്പെട്ട എല്ലാവരും ഹൃദയപൂൎവം പ്രാൎത്ഥിക്കണമെന്നു പ്രാൎത്ഥിച്ചുംകൊണ്ടു ഇതിനെ സമൎപ്പിച്ചുകൊള്ളുന്നു.

ആജ്ഞാപ്രകാരം—കാൎയ്യദൎശി.

പുതുപ്പള്ളി } തൈപ്പറമ്പിൽ ചെറിയാൻ മാത്തു
൧൦൮൨ മേടം ൩൧ }

## പുതുപ്പള്ളി നിലയ്ക്കൽ പുത്തൻ പള്ളി.

### ഉടമ്പടി

---

൧൦൬൯ാമാണ്ടു തുലാമാസം ൨൧ാംനു പുതുപ്പള്ളി പ്രവൃത്തിയിൽ എറികാട്ടു മുറിയിൽ കല്യറെക്കൽ പോത്തൻ അയിപ്പും കയ്പനാട്ടു വറുഗീസു വറുഗീസും, കളമ്പുകാട്ടു ചാക്കൊ ഇട്ടിപ്പുന്നം, മറ്റപ്പറമ്പിൽ കുര്യൻ അയിപ്പും, മഞ്ഞത്തുരുത്തേൽ മത്തായി പോത്തനും വാഴെപ്പറമ്പിൽ ചാക്കൊ അവിരായും, പണ്ടാരക്കുന്നേൽ ആകുന്ന പുത്തൻപുരയിൽ കുരുവിള കുരുവിളയും, പ്ലാമ്പറമ്പിൽ കുരുവിള അവുസേപ്പും, തേവരടിയിൽ മാണി കോരയും, പുതുപ്പള്ളി മുറിയിൽ പടിഞ്ഞാറെ മുളഞ്ഞിപ്പറമ്പിൽ തൊമ്മൻ കുരുവിളയും തൈപ്പറമ്പിൽ ചെറിയാൻ മാത്തുവും ചെമ്പകനല്ലൂർ തൊമ്മൻ കൊച്ചുതൊമ്മനും മേമന കുരുവിള തൊമ്മനും മൂലേപ്പറമ്പിൽ ചാണ്ടി വറുഗീസും കൂടി എഴുതിയ ഉടമ്പടി.

നമ്മുടെ പൂൎവീകന്മാർ പണിയിച്ചു നാം ഇടവക ചേൎന്നു നടത്തി വന്നിരുന്ന പുതുപ്പള്ളി പള്ളിയിൽ അടുത്ത കാലങ്ങളിൽ ഉണ്ടായിട്ടുള്ള ന്യായരഹിതമായ നടപടികൾ നിമിത്തം ശരിയായ നടത്തുകൾക്കു വിഘ്നം ഭവിക്കയും അതിന്റെ നിവാരണത്തിനായി വേറൊരു പള്ളി വെക്കണമെന്നു നാം കൂടി നിശ്ചയിച്ചു എറികാട്ടു കരയിൽ നിലെക്കൽ പുരയിടത്തിൽ തെക്കുടുത്തു തെൻവടൽ ൨൦ കമ്പു അളവുള്ള സ്ഥലം പള്ളി വെക്കുന്നതിനായി നമ്മിൽ തൈപ്പറമ്പിൽ ചെറിയാൻ മാത്തുവിന്റെ പേരിൽ പുതുവൽ പാട്ടം പതിപ്പിച്ചു ടി മാത്തുവിന്റെയും ചെമ്പകനല്ലൂർ തൊമ്മൻ കൊച്ചുതൊമ്മന്റെയും പേരിൽ ഗവൎമ്മെണ്ടു അനുവാദം വാങ്ങുകയും ൧൦൭൧ാമാണ്ടു കുംഭമാസം ൩ാംനു മുതൽ ചെറിയമഠത്തിൽ യാക്കോബു കത്തനാരച്ചൻ ദൈവശുശ്രൂഷ നടത്തുകയും മേടമാസം ൨൪ാംനു മാർ അത്താനാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സു കൊണ്ടു ൧൨ ശ്ലീഹന്മാരുടെ നാമത്തിൽ പള്ളിക്കു അടിസ്ഥാനക്കല്ലു

സ്ഥാപിക്കയും ചെയ്തിട്ടുള്ളതും പള്ളിക്കു സ്ഥിരമായ കെട്ടിടം ഉണ്ടാകുന്നതിനു മുമ്പു ഒരു ശവക്കോട്ട കെട്ടേണ്ടതു ആവശ്യമെന്നു കണ്ടു ൧൨൫ രൂപ ചിലവു ചെയ്തു ആ പണി മിക്കവാറും തീൎത്തിരിക്കുന്നതും ഇപ്പോൾ ഒരു സ്ഥിരമായ പള്ളിക്കെട്ടിടം പണിയുന്നതിനു ആരംഭിച്ചിരിക്കുന്നതും ആകയാൽ പണിക്കു ആവശ്യപ്പെടുന്ന മുതൽ ശേഖരിക്കുന്നതിനും പള്ളി സംബന്ധമായ കാൎയ്യങ്ങളുടെ നിത്യമായ നടത്തിപ്പിനും ആയിട്ടു താഴെ പ്രസ്താവിക്കുന്ന നിയമങ്ങൾ ഏൎപ്പെടുത്തി ഇതിന്റെ ഓരോ പ്രതി എഴുതി എല്ലാപേരും ഒപ്പിട്ടു അന്യോന്യം കൈമാറുന്നതിനും ഒരു പ്രതി പള്ളി റിക്കാൎട്ടിൽ സൂക്ഷിക്കുന്നതിനും ഇതിനെ അനുസരിച്ചു നാമും നമ്മുടെ പിന്തുടൎച്ചക്കാരും എന്നാളും നടന്നും നടത്തിച്ചും കൊള്ളുന്നതിനു ഓരോരുത്തരും പൂൎണ്ണ മനസ്സാലെ സമ്മതിച്ചു ഇതിനാൽ കരാർ ചെയ്തു പള്ളി പണിക്കും മററും ഇത്രത്തോളം നമ്മെ ബലപ്പെടുത്തിയവനായി കരുണാനിധിയും സൎവ്വജ്ഞനും നിത്യനും ആയിരിക്കുന്ന ദൈവത്തിന്റെ നാമത്തിൽ ആശ്രയിച്ചുറെപ്പാക്കിയിരിക്കുന്നു.

൧. പള്ളി പണിക്കും മററുമായി നമ്മിൽ ഓരോരുത്തർ ഇതേവരെ ചിലവു ചെയ്തിട്ടുള്ളതു ഉൾപ്പെടെ താഴെ കാണിക്കുന്ന പ്രകാരമുള്ള സംഖ്യ അടുത്ത ൯൨ മകരം ൩൦ ാംനു-ക്കകം നാലു തവണകളിലായി എടുപ്പാനുള്ളതാകുന്നു.

| | രൂപ |
|---|---|
| കയ്പനാട്ടു വറുഗീസു വറുഗീസു | ൪൦ |
| കല്ലറെക്കൽ പോത്തൻ ഐപ്പു | ൪൦ |
| കളമ്പുകാട്ടു ചാക്കൊ ഈപ്പൻ | ൧൫ |
| ചെമ്പകനല്ലൂർ തൊമ്മൻ കൊച്ചുതൊമ്മൻ | ൧൫ |
| തേവരടിയിൽ മാണി കോര | ൧൫ |
| തൈപ്പറമ്പിൽ ചെറിയാൻ മാത്തു | ൩൫ |
| പടിഞ്ഞാറെമുളഞ്ഞിപ്പറമ്പിൽ തൊമ്മൻ കുരുവിള | ൧൫ |
| പണ്ടാരക്കുന്നേൽ പുത്തൻപുരയിൽ കുരുവിള കുരുവിള | ൨൦൦ |
| പ്ലാമ്പറമ്പിൽ കുരുവിള ഔസേപ്പു | ൩൫ |
| മന്ദപ്പറമ്പിൽ കുഞ്ഞൻ അയിപ്പു | ൩൫ |
| മൂലേപ്പറമ്പിൽ ചാണ്ടി വറുഗീസു | ൪൦ |
| മേമനെ കുരുവിള തൊമ്മൻ | ൩൫ |
| | ൧൫ |



| | |
|---|---|
| മഞ്ഞത്തുരുത്തേൽ മത്തായി പോത്തൻ | ൪൦ |
| വാഴേപ്പറമ്പിൽ ചാക്കൊ അവിരാ | ൧൫ |

൨ ഈപ്പള്ളി പുതുപ്പള്ളി നിലെക്കൽ പുത്തൻ പള്ളി എന്നും ഈ പള്ളിയിൽ ഇടവക ചേരുന്ന എല്ലാ കുഡുംബത്തലവന്മാരും ഒപ്പു വച്ചു പള്ളി റിക്കാൎട്ടിൽ സൂക്ഷിക്കുന്ന ബുക്ക് ഇടവക റജിസ്റ്റർ എന്നും ഇടവക റജിസ്റ്ററിൽ ഒപ്പു വച്ചിട്ടുള്ള എല്ലാപേരും കൂടുന്ന യോഗം പള്ളി യോഗമെന്നും പള്ളി പണിക്കും മററുമായി മുൻകൂറു ൩൫ രൂപയിൽ കുറയാതെ ചിലവു ചെയ്യുന്നവരുടെയൊ അവരുടെ പിന്തുടൎച്ചക്കാരുടെയൊ സംഘം നായക സഭ എന്നും പള്ളിക്കാൎയ്യങ്ങൾ സൎവ്വദാ അന്വേഷിക്കുന്നതിനായി മേൽ പറഞ്ഞ സഭയിൽ നിന്നും ആണ്ടുതോറും പള്ളി യോഗത്താൽ മാററി നിയമിക്കപ്പെടുന്ന ൫ പേരുടെ യോഗം കാൎയ്യവിചാരസംഘം എന്നും പള്ളി വക ദ്രവ്യവും സാമാനങ്ങളും സൂക്ഷിക്കുന്നതിനായി ടി സംഘത്തിൽ നിന്നും നിയമിക്കപ്പെടുന്ന ഒരാൾ മുതലെടുപ്പുകാരനെന്നും ആ മുതലുകൾ വച്ചു സൂക്ഷിക്കുന്നവൻ മുതൽക്കെട്ടുകാരനെന്നും ചിലവിനായി മുതൽക്കെട്ടിൽ നിന്നു പണം വാങ്ങുന്ന ആൾ ചിലവു ശേഖരിപ്പുകാരൻ എന്നും ആവശ്യം പോലെ ഇയാളിൽ നിന്നു വാങ്ങി ചില്വു ചെയ്യുന്ന ആൾ ചിലവെഴുത്തുകാരൻ എന്നും പള്ളിവക എഴുത്തുകുത്തുകൾ നടത്തുന്നതിനും റിക്കാൎട്ടുകൾ സൂക്ഷിക്കുന്നതിനുമായി നിയമിക്കപ്പെടുന്ന ഒരാൾ കാൎയ്യദൎശിയെന്നും വിളിക്കപ്പെടുന്നതാകുന്നു.

൩ ഈ നിശ്ചയപത്രത്തിൽ പേരു പറഞ്ഞിട്ടില്ലാത്ത വേറെ ആരെങ്കിലും—പള്ളി പണിക്കും മററുമായി അടുത്ത ൯൨ മകരമാസം ൨൦ ാംനു-ക്കകം ൩൫ രൂപായിൽ കുറയാതെ കൊടുക്കുന്നവരും—അവരുടെ പിന്തുടൎച്ചക്കാരും എല്ലാ മേടമാസം ൩൦ ാംനു-യും ഈ പള്ളിക്കു വൎഷാവസാനമെന്നു നിശ്ചയിച്ചിരിക്കുന്നതിനാൽ അടുത്ത ൯൨ മേടം ൩൦ ാംനു-ക്കകം ൧൦൦ രൂപായിൽ കുറയാതെ കൊടുക്കുന്നവരും അവരുടെ പിന്തുടൎച്ചക്കാരും ആ തീയതി കഴിഞ്ഞാൽ ൧൫൦ രൂപായിൽ കുറയാതെ കൊടുക്കുന്നവരും അവരുടെ പിന്തുടൎച്ചക്കാരും നായക സഭയുടെ അവയവങ്ങളായി നമ്മിൽ ഓ

രോരുത്തനെപ്പോലെ ശരിയായ സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതു കൂടാതെ നായകസഭക്കാക്കു തങ്ങളുടെ അധികാരമൊ അവകാശമൊ വില്പാനോ വിഭാഗിപ്പാനോ അന്യനെ തന്നോടു കൂടെ അവകാശപ്പെടുത്തുവാനോ പാടില്ലാത്തതും നായകന്മാരിൽ പള്ളിപ്പണിക്കു കൊടുക്കാമെന്നു ഇപ്പോൾ സ്വയമായി ഏററിട്ടുള്ള സംഖ്യകൾ മുഴുവനും അവധികൾക്കകം അടെച്ചു തീക്കാതെയിരിക്കുന്നവരുടെ നായകസ്ഥാനം റദ്ദായിപ്പോകുന്നതും ആകുന്നു.

൭. നായകസഭ സംവൽസരത്തിൽ ൨ പ്രാവശ്യത്തിൽ കുറയാതെ യോഗം കൂടി പള്ളിയുടെ അഭിവൃദ്ധിക്കു വേണ്ട കാര്യ്യങ്ങളെക്കുറിച്ചു ആലോചിച്ചു നടത്തുകയും കാര്യ്യവിചാരസംഘത്തിന്റെ നടപടികളെയും റിക്കാർട്ടുകളെയും പരിശോധിക്കയും ആവശ്യമെന്നു കണ്ടാൽ ഇതിൽ ആരെ എങ്കിലും ആൾ മാററി നിയമിക്കയും എല്ലാ യോഗങ്ങളിലും നടപടികളിലും ഉള്ള നിശ്ചയങ്ങളെ അപ്പഴപ്പോൾ അഗ്രാസനസ്ഥൻ ബുക്കിൽ എഴുതി ഒപ്പിട്ടു വെക്കയും ചെയ്യേണ്ടതാകുന്നു.

൮. നായകസഭ കൂടേണ്ട ഗഡുവുകളിൽ കാര്യ്യദശി ആ വിവരത്തിനു അവക്കു മുമ്പുകൂട്ടി നോട്ടീസു എത്തിച്ചു കൊടുക്കേണ്ടതും അങ്ങനെ ഹാജരാവുന്നവർ ൮ ആളുകളിൽ കുറഞ്ഞിരുന്നാൽ യോഗം പൂർത്തിയാകുന്നതല്ലാത്തതും ഉടനെ അടുത്ത അവധി വെച്ചു നായക സഭയിൽ ഉള്ള എല്ലാവക്കും കാര്യ്യദശി രണ്ടാമതും നോട്ടീസു കൊടുക്കേണ്ടതും അങ്ങനെ കൂടുന്ന യൊഗത്തിൽ വെണ്ട ആൾ തികഞ്ഞിട്ടില്ലാതെയിരുന്നാലും കാര്യ്യങ്ങൾ നടത്താവുന്നതും എല്ലാ യോഗങ്ങളിലും ഏറിയ കൂറിന്റെ അഭിപ്രായം ബലപ്പെടേണ്ടതുമാകുന്നു.

൯. എല്ലാ വഷാവസാനത്തിംകലും പള്ളി യോഗം കൂടി തലേ ആണ്ടത്തെ വരവു ചിലവു ജ്ഞാനസ്നാനം വിവാഹം മരണം മുതലായവയുടെ ഒരു റിപ്പോർട്ടു കാര്യ്യദശി തയ്യാറാക്കി യോഗത്തെ കേൾപ്പിക്കയും ആ റിപ്പോർട്ടു അച്ചടിപ്പിച്ചു ഓരോ പ്രതി ഇടവകക്കാക്കു എല്ലാവക്കും കൊടുക്കയും ആ റിപ്പോർട്ടിൽ അതാതു ആണ്ടത്തെ നായകസഭ



യുടെയും കാര്യ്യവിചാര സംഘക്കാരുടെയും വൈദികന്മാരുടെയും പേരുകൾ ഉണ്ടായിരിക്കയും ചെയ്യേണ്ടതാകുന്നു.

൰. ഇടവകക്കാരിൽ ആരെംകിലും അഞ്ചാൾക്കു നായകസഭയെയൊ പള്ളി യോഗത്തെയൊ എപ്പോഴെംകിലും വിളിച്ചുകൂട്ടുവാൻ അധികാരമുള്ളതും അങ്ങനെ വിളിച്ചുകൂട്ടുന്നതിനു കായ്യദശി മുഖാന്തിരമൊ ആവശ്യക്കാർ തനിച്ചോ നോട്ടിസു കൊടുക്കാവുന്നതും ആകുന്നു.

൰൧. ഇപ്പോൾ മതാചാരങ്ങളിലും വിശ്വാസ രീതിയിലും വ്യത്യാസമുള്ളതായി ബാവാകക്ഷി എന്നും മെത്രാകക്ഷി എന്നുംപേരോടു കൂടി രണ്ടു സമൂഹങ്ങൾ മാർ തോമ്മാക്രിസ്ത്യാനികളായ നമ്മുടെ പൊതു സമുദായത്തിൽ ഉൾപ്പെട്ടിരിക്കുന്നതും ആ രണ്ടു സമൂഹങ്ങളിലും ഉള്ള ആളുകൾ നമ്മുടെ യോഗത്തിൽ ചേന്നിരിക്കുന്നതും ആകകൊണ്ടു യോഗത്തിൽ ഉൾപ്പെട്ട എല്ലാവരുടെയും സൌകയ്യത്തിനായി അതാതു കക്ഷിയുടെ വൈദികനെ പള്ളിയിൽ നിയമിച്ചു നടത്തിപ്പാനും മേലദ്ധ്യക്ഷനെ വരുത്തി കമ്മങ്ങൾ കഴിപ്പിക്കുന്നതിനു ആവശ്യപ്പെട്ടാൽ ഓരോ കക്ഷിക്കും സ്വാതന്ത്ര്യമുള്ളതും മേലദ്ധ്യക്ഷനെ വരുത്തുന്നതിൽ വച്ചുണ്ടാകാവുന്ന ചിലവു നായക സഭയിൽ ഉൾപ്പെട്ട എല്ലാവരുടെയും സമ്മതത്തിന്മേൽ മാത്രം ചെയ്യപ്പെടാവുന്നതും ആകുന്നു.

൰൨. പള്ളിയിൽ ഒരെ കാലത്തു രണ്ടിലധികം പട്ടക്കാർ ആവശ്യമില്ലാത്തതും അവർ ഇടവകയിൽ നിന്നായാലും അല്ലാതിരുന്നാലും പള്ളിക്കടുത്ത ദ്രവ്യ സംബന്ധമായ ഏപ്പാടിൽ പ്രത്യേക അധികാരം കൂടാതെ ഇരിക്കേണ്ടതും വൈദികന്മാരും കപ്യാരും മാസ ശമ്പളത്തിൽ ഇരിക്കേണ്ടതും ആകുന്നു.

൰൩. പള്ളിയിൽ വെച്ചു നടത്തുന്ന എല്ലാ കമ്മങ്ങൾക്കുമുള്ള പീസു മുഴുവനും പള്ളിവകയായി മുതൽ കൂട്ടേണ്ടതും വീടുകളിൽ പൊയി നടത്തുന്ന കമ്മങ്ങൾക്കുള്ള പീസു വൈദികനെ ഏൾപ്പിക്കേണ്ടതും പള്ളി വരുമാനങ്ങളിൽ ഒരു ഇനവും കടമായി വിട്ടുകൂടാത്തതുമാകുന്നു.

൰൪. കുഴിക്കാണം ആരോടും വാങ്ങിച്ചു കൂടാത്തതും നായകന്മാരിൽ ആരെങ്കിലും ഒരാൾക്കു തനിച്ചോ കുഡുംബ

ത്തേക്കൊ ആയി കല്യാണം കെട്ടുന്നതിന്നു സ്വാതന്ത്ര്യമുള്ളതും നായക സഭയിൽ ഉൾപ്പെടാത്തവർ കല്യാണം കെട്ടണമെന്നുണ്ടായിരുന്നാൽ അതിന്നു അവർക്കു തനിച്ചു അവശ്യം വേണ്ടിവരുന്ന വലിപ്പത്തിന്നു ൨൦ രൂപായും ഒരു കുഡുംബത്തേക്കായിരുന്നാൽ മേൽപ്രകാരം അളവു അനുസരിച്ചു വീതപ്രകാരമുള്ള സംഖ്യയും പള്ളിക്കു കൊടുക്കേണ്ടതുമാകുന്നു.

൰൨. പള്ളി വരുമാനങ്ങൾക്കു ഒരു ലിസ്റ്റ എഴുതി ഇതിന്നു അനുബന്ധമായി ചെർത്തിരിക്കുന്നതിനാൽ ഇടവകക്കാർ എല്ലാവരും അതു അനുസരിച്ചു നടപ്പാനുള്ളതാകുന്നു.

൰൩. പള്ളിവകയായി ഒരു മുദ്രയുണ്ടായിരിക്കേണ്ടതും പള്ളിയിൽ നിന്നു കൊടുക്കുന്ന എല്ലാ രേഖകൾക്കും നായക സഭയാൽ പരിശൊധിക്കപ്പെടുന്ന എല്ലാ റിക്കാർട്ടുകൾക്കും ടി സഭയുടെ അപ്പഴപ്പൊൾ ഉള്ള എല്ലാ നിശ്ചയങ്ങൾക്കും ആ മുദ്ര വച്ചിരിക്കേണ്ടതും ആകുന്നു.

൰൪. നമ്മുടെ സൌകൎയ്യത്തിനായി പ്രത്യേകം ഒരു പള്ളി വെക്കുന്നതു കൊണ്ടു പുതുപ്പള്ളി പള്ളിയിൽ നമുക്കുള്ള അവകാശമൊ സ്വാതന്ത്ര്യമൊ കൈവശമൊ നാം ഉപെക്ഷിക്കുന്നതല്ലാത്തതും ആ പള്ളി സംബന്ധമായ നടപടികൾ യഥാസ്ഥിതിയിലാകേണ്ടതിന്നു ശ്രമിച്ചിരിക്കേണ്ടതു കാൎയ്യവിചാര സംഘത്തിന്റെ ചുമതലയുമാകുന്നു.

൰൫. ഇതിൽ പ്രത്യേകിച്ചു പറഞ്ഞിട്ടില്ലാത്തതായ സംഗതികളെപ്പറ്റിയും പള്ളിയുടെ അഭിവൃദ്ധിക്കും ഇടവകക്കാരുടെ ക്ഷെമത്തിനും ആയിട്ടുമുള്ള കാലൊചിതങ്ങളായ നിയമങ്ങളെ ഏൎപ്പെടുത്തുവാനും അവയെ നടത്തിപ്പാനും നായക സഭെക്കു അധികാരമുണ്ടായിരിക്കുന്നതുമാകുന്നു.

൰൬. പള്ളിക്കാൎയ്യം സംബന്ധിച്ചു നായകന്മാരൊ കാൎയ്യവിചാര സംഘക്കാരൊ പള്ളിയിലുൾപ്പെട്ട വല്ല യോഗക്കാരനൊ യോഗക്കാൎക്കൊ വിരോധമായിട്ടും അപ്രകാരം തന്നെ വല്ല യോഗക്കാരനൊ യോഗക്കാരൊ നായകന്മാൎക്കൊ കാൎയ്യവിചാര സംഘക്കാൎക്കൊ വേറെ വല്ല യോഗക്കാരനൊ യോഗക്കാൎക്കൊ വിരോധമായിട്ടും യാതൊരു കോ



ടതി വ്യവഹാരവും നടത്തിക്കൂടാത്തതാകുന്നു. എങ്കിലും വല്ല തൎക്കമൊ വാദമൊ വല്ല കാലത്തും പള്ളിയുടെ ഉദ്യോഗസ്ഥന്മാരൊ വേലക്കാരൊ ആയിരിക്കുന്നവരൊ അല്ലാത്തവരൊ ആയ വല്ല അംഗങ്ങളും തമ്മിൽ ഇതിൽ അടങ്ങിയിരിക്കുന്നതൊ ഇതിനെ സംബന്ധിച്ചതൊ ആയ വല്ല കാൎയ്യത്തെയും കുറിച്ചൊ പള്ളിയെക്കുറിച്ചൊ ഉണ്ടാകുന്ന പക്ഷം അതു താഴെപ്പറയുന്ന വിധത്തിൽ പഞ്ചായത്തിൽ കേൾക്കേണ്ടതാകുന്നു. അതായതു (ഒന്നൊ അധികമൊ ആളുകൾ ഉൾപ്പെട്ടിരിക്കുന്ന) ഓരൊ വാദകക്ഷിയും എഴുത്തു മൂലമായി ഓരൊ പഞ്ചായക്കാരനെ നിയമിക്കേണ്ടതും ഇങ്ങനെ നിയമിക്കപ്പെടുന്ന പഞ്ചായക്കാർ അവരിൽ ഒടുവിൽ നിയമിക്കപ്പെടുന്ന ആളിന്റെ നിയമം മുതൽ പത്തു ദിവസത്തിനകം എഴുത്തു മൂലമായി ഒരു മദ്ധ്യസ്ഥനെ നിയമിക്കേണ്ടതും തമ്മിൽ വാദിക്കുന്ന ഏതെങ്കിലും ഒരു കക്ഷി ഒരു പഞ്ചായക്കാരനെ നിയമിക്കണമെന്നു എഴുത്തു മൂലമായി ആവശ്യപ്പെട്ടതു മുതൽ പത്തു ദിവസം വരെ മറു കക്ഷി അങ്ങിനെ ചെയ്യുന്നതിന്നു വിസമ്മതിക്കയൊ ഉപേക്ഷയായിരിക്കയൊ ചെയ്യുന്ന പക്ഷം മേൽപ്രകാരം ആവശ്യപ്പെട്ട കക്ഷിയാൽ നിയമിക്കപ്പെട്ട പഞ്ചായക്കാർ മേൽപ്പറയപ്പെട്ട പ്രകാരം വിസമ്മതിക്കയൊ ഉപേക്ഷയായിരിക്കയൊ ചെയ്ത കക്ഷിക്കു വേണ്ടി ഒരു പഞ്ചാക്കാരനെ നിയമിക്കേണ്ടതും ഇങ്ങനെ നിയമിക്കപ്പെടുന്ന പഞ്ചായക്കാർ മേൽപ്രകാരം ഉള്ള പത്തു ദിവസത്തിനകം ഒരു മദ്ധ്യസ്ഥനെ നിയമിക്കാത്ത പക്ഷം പള്ളിയുടെ ഏതെങ്കിലും പൂൎണ്ണ യോഗത്തിൽ വച്ചു തിരഞ്ഞെടുക്കുന്ന ഏതെങ്കിലും ഒരാൾ മദ്ധ്യസ്ഥനായിരിക്കേണ്ടതും (സന്ദർഭംപോലെ) ഒരു പഞ്ചായക്കാരുടെയൊ ഇവരുടെ മദ്ധ്യസ്ഥന്റെയൊ വിധി അവരെയൊ ആ ആളിനെയൊ കേൾപ്പിച്ച സംഗതികളിൽ അവസാനവും തീരുമാനവും ആയിരിക്കുന്നതും ഇപ്രകാരമുള്ള വിധികൾ തിരുവിതാംകോട്ടു ൧൰൫൰ മാണ്ടത്തെ ൨ാം റിഗുലേഷനായ സിവിൾ നടപടി ക്രമമൊ അതാതു കാലങ്ങളിൽ നടക്കുന്ന അതിന്റെ വല്ല ഭേദമൊ അതാതു കാലങ്ങളിൽ നടക്കുന്ന അതിന്റെ വല്ല ഭേദപ്പെട്ട നിയമമൊ ആറാം അദ്ധ്യായത്തിലെ താല്പൎയ്യപ്രകാ

രം തമ്മിൽ വാദിക്കുന്നു.ഏതെങ്കിലും ഒരു കക്ഷിയുടെ അപേക്ഷയിന്മേൽ ഒരു കോട്ടു കല്പനയായി തീരുന്നതും ആകുന്നു.

| | |
|---|---|
| കല്ലറക്കൽ പോത്തൻ അയിപ്പ്. | (ഒപ്പ്) |
| കയ്പനാട്ടു വറുഗീസു വറുഗീസു. | (ഒപ്പ്) |
| കളമ്പുകാട്ടു ചാക്കോ ഈപ്പൻ. | (ഒപ്പ്) |
| മന്ദപ്പറമ്പിൽ കുഞ്ഞൻ അയിപ്പ്. | (ഒപ്പ്) |
| പണ്ടാരക്കുന്നേൽ പുത്തൻ പുരയിൽ കരുവിള കരുവിള | (ഒപ്പ്) |
| പിള്ളാപ്പറമ്പിൽ കരുവിള ഔസേപ്പ്. | (ഒപ്പ്) |
| തേവരടിയിൽ മാണി കോര. | (ഒപ്പ് |
| പടിഞ്ഞാറേ മുളഞ്ഞീപ്പറമ്പിൽ തൊമ്മൻ കരുവിള | (ഒപ്പ് |
| തൈപ്പറമ്പിൽ ചെറിയാൻ മാത്തു. | (ഒപ്പ് |
| ചെമ്പകനല്ലൂർ തൊമ്മൻ കൊച്ചുതൊമ്മൻ. | (ഒപ്പ്) |
| മേമന കരുവിള തൊമ്മൻ. | (ഒപ്പ്) |
| മൂലേപ്പറമ്പിൽ ചാണ്ടി വറുഗീസു. | (ഒപ്പ്) |
| മഞ്ഞത്തുരുത്തേൽ മത്തായി പോത്തൻ. | (ഒപ്പ്) |
| വാഴേപ്പറമ്പിൽ ചാക്കോ അവിരാ. | (ഒപ്പ്) |

## പള്ളിവരുമാനങ്ങൾ

| | | ചക്രം |
|---|---|---|
| 1 | ജ്ഞാനസ്നാനം വക നടവഴക്കം ചുരുങ്ങിയാൽ ... ... | ൧൨ |
| 2 | ,, രജിസ്റ്റർ പീസു ... ... | ൨ |
| 3 | വിവാഹം വക വിളിച്ചുചൊല്ല് ... ... ... | ൪ |
| 4 * | ,, പസാരം സ്ത്രീധനം ചക്രം ൧൦൦നു ... | ൧൦ |
| 5 | ,, നടവഴക്കം ... ... ... ... | ൧ |
| 6 * | ,, സാക്ഷിപ്പണം സ്ത്രീധനം ചക്രം ൧൦൦നു | ൧ |
| 7 * | ,, ദേശക്കുറിക്കു ... ... ... | ൧൦ |
| 8 | ,, രജിസ്റ്റർ പീസു ... ... | ൫ |
| 9 | ,, കൈമുത്തു ചുരുങ്ങിയാൽ ... ... | ൧൦ |
| 10 | ,, കൈദസ്തുരി ,, .. | ൧൪ |
| 11 | ശവമടക്കു രജിസ്റ്റർപീസു ... ... | ൨ |
| 12 | കുറുബാനപ്പണം ... ... | ൧൨ |
| 13 | പൊലിവു പസാരം ചക്രം ൧൦൦നു ... ... | ൧ |
| 14 | കോർട്ടു മുഖാന്തരമുള്ള സത്യത്തിനു വ്യവഹാര സല ൧൦൦൦ പണത്തിൽ കുറഞ്ഞിരുന്നാൽ | ൧൦൦ |
| | ഇതിൽ കൂടിയതിനെല്ലാം | ൨൦൦ |

* ഈ അടയാളമിട്ടിട്ടുള്ള ഇനങ്ങൾ ഒന്നും സ്ത്രീ പുനർവിവാഹക്കാരി ആയിരുന്നാൽ കൊടുക്കേണ്ടതല്ല.



### പസാരം വക പിരിവു

| | രൂപാ | ച | കാ |
|---|---|---|---|
| കിഴക്കെ ഒറോപ്പിലാക്കൽ ചെറിയാൻ. | ൩൮ | ൧൭ | ൦ |
| ചെമ്പകനല്ലൂർ തൊമ്മൻ. | ൩൮ | ൧൭ | ൦ |
| പുറത്തുശേരിൽ അന്ന. | ൩ | ൨൪ | ൮ |
| മഞ്ഞത്തുരുത്തേൽ പോത്തൻ. | ൫൫ | ൦ | ൮ |
| കളമ്പുകാട്ടു ഈപ്പൻ. | ൫൫ | ൦ | ൦ |
| വാഴയിൽ അവിരാ. | ൫൫ | ൦ | ൦ |
| മന്ദപ്പറമ്പിൽ അയിപ്പ്. | ൫൫ | ൦ | ൦ |
| കുറിക്കൽ മാത്തു. | ൧൧ | ൧൩ | ൮ |
| കണിയാമ്പറമ്പിൽ വർക്കി. | ൩ | ൨൪ | ൮ |
| വെട്ടുകുഴിയിൽ മാത്തു. | ൧ | ൨൩ | ൮ |
| ചക്കാലപ്പടവിൽ ഔസേപ്പ്. | ൧൫ | ൧൨ | ൮ |
| പുത്തൻപറമ്പിൽ തോമ്മാ. | ൧൯ | ൮ | ൮ |
| ആകെ | ൩൫൩ | ൫ | ൮ |

### നായകസഭക്കാരിൽ നിന്നു വരി പിരിവു

| | രൂപാ | ച | കാ |
|---|---|---|---|
| ചെമ്പകനല്ലൂർ തൊമ്മൻ. | ൭൭ | ൦ | ൦ |
| പടിഞ്ഞാറെ മുളഞ്ഞീപ്പറമ്പിൽ കരുവിള | ൨൦൦ | ൦ | ൦ |
| തൈപ്പറമ്പിൽ മാത്തു. | ൭൨ | ൯ | ൨ |
| കളമ്പുകാട്ടു ഈപ്പൻ. | ൫൫ | ൯ | ൦ |
| പിള്ളാപ്പറമ്പിൽ ഔസേപ്പ്. | ൩൫ | ൦ | ൦ |
| മന്ദപ്പറമ്പിൽ അയിപ്പ്. | ൫൪ | ൭ | ൮ |
| കൈപ്പനാട്ടു വറുഗീസു. | ൪൮ | ൧൮ | ൦ |
| പണ്ടാരക്കുന്നേൽ കരുവിള. | ൨൪ | ൯ | ൦ |
| കിഴക്കെ ഒറോപ്പിലാക്കൽ ചെറിയാൻ. | ൧൩ | ൨൩ | ൦ |
| കല്ലറെക്കൽ അയിപ്പ്. | ൪൯ | ൨൧ | ൩ |
| വാഴേപ്പറമ്പിൽ അവിരാ. | ൩൫ | ൦ | ൦ |
| തേവരടിയിൽ കോര. | ൩൫ | ൦ | ൦ |
| മൂലേപ്പറമ്പിൽ വറുഗീസു. | ൨൩ | ൦ | ൦ |
| മഞ്ഞത്തുരുത്തേൽ പോത്തൻ. | ൩൫ | ൦ | ൦ |
| മേമന തൊമ്മൻ. | ൪൦ | ൦ | ൦ |
| ആകെ | ൭൯൮ | ൧൧ | ൮ |

## സംഭാവന പിരിവു.

| | രൂപാ | ച | കാ |
|---|---|---|---|
| ചെമ്മരപ്പള്ളിൽ പുത്തൻപുരയിൽ കുരുവിള | ൧൪ | ൦ | ൦ |
| കൊച്ചുപറമ്പിൽ ഇട്ടി. | ൮ | ൦ | ൦ |
| ചാഴിവലത്തു കൊച്ചുമാത്തു. | ൮ | ൦ | ൦ |
| പെരുമ്പഴമൂലയിൽ യാക്കോബുകത്തനാർ | ൪ | ൦ | ൦ |
| വെട്ടത്തു ഉലഹന്നൻ. | ൩ | ൦ | ൦ |
| താന്നിമൂട്ടിൽ മാത്തു. | ൨ | ൦ | ൦ |
| കുടിലിൽ തൊമ്മൻ. | ൨ | ൧൪ | ൦ |
| ആകെ | ൪൧ | ൧൪ | ൦ |

## പള്ളിസാമാനങ്ങളുടെ ലിസ്റ്റ്

| | | | |
|---|---|---|---|
| വലിയ മേശ | ൧ | വെടിക്കുറ്റി | ൩ |
| പെട്ടിമേശ | ൧ | ദീപയഷ്ടി | ൨ |
| വലിയ കുരിശ | ൧ | ധൂമ്പാ | ൬ |
| കാസ്സെട്ടി | ൧ | തകരപ്പാള | ൧ |
| ബെഞ്ചു | ൧ | ഗോപ മണി | ൧ |
| മേൽക്കട്ടി | ൧ | സ്ഫടികമെഴുകുതിരിക്കാൽ | ൬ |
| കുരിശുറ | ൧ | സ്ഫടികവിളക്ക | ൨ |
| മേശവിരി | ൧ | ഗ്ലോബ് വിളക്ക | ൧ |
| വെള്ളച്ചിത്തോല | ൧ | കുമ്മായകല്ല | ൧ |
| തിരശ്ശീല | ൧ | പുല്പാ | ൧ |
| കട്ടിയാവുകൊടി | ൪ | പഴയനിയമം | ൭ |
| വെള്ളക്കൊടി | ൨ | പുതിയനിയമം | ൧ |
| ഓട്ടുധൂപക്കുറ്റി | ൧ | സങ്കീർത്തനം | ൨൪ |
| പിച്ചളധൂപക്കുറ്റി | ൨ | പള്ളിറജിസ്റ്റർബുക്ക് | ൧ |

~~~~~~~~~~~~~~~~~~

St. GEORGE ELECTRICALS,
ABRAHAM, M. JOSEPH, MADACKL HOUSE
LICENCE NO. C. B. 1123,
PUTHUPPALLY. P. O.
KOTTAYAM-686011.

## പുതുപ്പള്ളി നിലക്കൽ പുത്തൻപള്ളി വക ൧൮൯൨ മേടം വരെ തീർത്ത ബാക്കിപ്പത്രം.

| മുതൽ. | | | | ചിലവു. | | | |
|---|---|---|---|---|---|---|---|
| നായകസ്ഥക്കാരിൽ നിന്ന പിരിവു. | ൯൮ | ൧൧ | ൮ | പള്ളിവിചാരണ, ആദ്യകെട്ടിടം, കല്ലിടീൽ മുതലായവകെക്കു. | ൧൪൱ | ൦ | ൦ |
| സംഭാവന ,, | ൪൧ | ൧൪ | ൦ | ശവകോട്ട പണി വകെക്കു. | ൧൨൯ | ൨൩ | ൧൪ |
| പസാരം വക ,, | ൩൱൩ | ൫ | ൮ | സാധനപ്പണം പള്ളി നിത്യച്ചിലവു, | ൪ | ൧൧ | ൦ |
| ടി കോട്ടയം പുത്തൻ പള്ളിയിൽ നിന്നു ദേശകുറി കൂടാതെ വന്നതിനു കെട്ടിവെപ്പിച്ചതാകെ. | ൨൮ | ൨൫ | ൦ | പട്ടക്കാർക്കു ശമ്പളം. | ൧൫ | ൧൪ | ൦ |
| കൈമുത്തു പിരിവു. | ൩ | ൨൮ | ൮ | കപ്പിയാർക്കു ,, | ൧൨ | ൨൩ | ൦ |
| പലവക നടവരവു. | ൨൮ | ൩ | ൮ | കോട്ടയത്തു പള്ളിക്കാർക്കു തിരിച്ചു കൊടുത്തതാകെ. | ൨൮ | ൨൫ | ൦ |
| | | | | പള്ളിപണിക്കും മണിക്കും കൂടി. | ൫൪ | ൨൬ | ൧൪ |
| | | | | ആകെ. | ൧൨൱൧ | ൨൧ | ൧൨ |
| | | | | ബാക്കി | ൨ | ൧൧ | ൪ |
| ആകെ രൂപ | ൧൨൱൪ | ൪ | ൮ | ആകെ രൂപ | ൧൨൱൪ | ൪ | ൮ |

കാര്യദർശി.
തൈപ്പറമ്പിൽ ചെറയാൻ മാത്തു.

പരിശോധിച്ചു ശരിയായി കണ്ടിരിക്കുന്നു.

ചെമ്പകനല്ലൂർ തൊമ്മൻ കൊച്ചുതൊമ്മൻ
~~~~~~~~~~~~~~~~~~